# വചനവിചിന്തനം ആഗസ്റ്റ് 16 ഞായർ, 2009

## ലൂക്കാ 16: 19– 31 , ധനവാനും ലാസറും

പണത്തിനും, പ്രശസ്തിക്കും, പ്രതാപത്തിനും വേണ്ടി കൊതിച്ചിരുന്ന ഫരിസേയരെ (16,14) ഉദ്ദേശിച്ച് ലൂക്കാ സുവിശേഷകൻ ധനവാന്റെയും ലാസറിന്റെയും കഥ വിവരിക്കുന്നു. അടുത്തു കിടക്കുന്നവനെ ശ്രദ്ധിക്കാൻ കഴിയാത്തവിധം മനസ്സ് മരവിച്ചുപോയ മനുഷ്യർക്ക് ജീവിതത്തിൽ പുതുചൈതന്യം പകരാൻ വചനഭാഗം ഏറെ സഹായകമാണ്. കവി വാക്യം മറക്കാതിരിക്കാം.

അടുത്തു നിൽപ്പോരനുജനെ
നോക്കാനക്ഷികളില്ലാത്തോർക്ക-
രൂപനശീനദൃശ്യനായാൽ
അതിലെന്താശ്ചര്യം.

രണ്ടു വ്യക്തികളിലേയ്ക്ക് വചനം നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**ഒന്നാമതായി ധനവാനായ മനുഷ്യൻ.**

ചില പ്രത്യേകതകൾ -

-പേരില്ല.
-സമ്പന്നനായ സുഖിമാൻ.
-സുഖാസ്വാദനത്തിന്റെ സമൃദ്ധിയിൽ ജീവിതം ഉത്സവമാക്കിയവൻ.
-സഹോദരന്റെ ആവശ്യങ്ങൾക്കെതിരേ ഹൃദയജാലകങ്ങൾ കൊട്ടിയടച്ചവൻ.
-നരകത്തിൽ, ചെയ്ത തെറ്റിന് ശിക്ഷയനുഭവിക്കുന്നവൻ.

**രണ്ടാമതായി , സർവാംഗം വ്രണിതനായ സാധു മനുഷ്യൻ.**

ചില പ്രത്യേകതകൾ -

- പേര് ലാസർ - ദൈവം സഹായമായുള്ളവൻ.
- ഒന്നും സ്വന്തമായില്ലാത്തവൻ.
- അപരന്റെ മേശയെ ആശ്രയിക്കുന്നവൻ.
- വേദനകളെ മനസ്സിൽ കൊണ്ടുനടക്കുന്നവൻ.
- ഒരു ജീവിതമെന്നുപോലും വിളിക്കപ്പെടാൻ യോഗ്യയില്ലാത്ത ജീവിതം നയിക്കുന്നവൻ.
- അബ്രാഹത്തിന്റെ മടിയിൽ സുരക്ഷിതനായവൻ.

## വചനചിന്തകൾ.

■ ചെറിയ ആളുകളോട് (Little People) കരുതലുള്ളവനാണ് തമ്പുരാനെന്നത് ലൂക്കാ സുവിശേഷത്തിലെ സമൃദ്ധമായ ആശയമാണ്. ദൈവം വിലയുള്ളവരായി കരുതി ചേർത്തു നിർത്തുന്നത് ആരും പരിഗണിക്കാത്ത, സ്വീകരിക്കാത്ത, വിലയില്ലാത്ത ഈ ‘‘സാധു മനുഷ്യരെ’’യാണ്. ഇങ്ങനെയുള്ളവരോടുള്ള നമ്മുടെ മനോഭാവമെന്ത്?

■ ധനവും, ആസ്തിയും, സ്വാധീനവും അല്ല ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കാൻ ഏറ്റവും നല്ല മാർഗം, അതിനാൽ ധനാസക്തിയ്ക്കെതിരേ യേശു ഓർമ്മിപ്പിക്കുന്നു. ‘‘മനുഷ്യ ജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത് ’’ .

■നരകത്തിൽ കഷ്ടതയനുഭവിക്കുന്ന ധനവാനും, അബ്രാഹത്തിന്റെ മടിയിൽ സുരക്ഷിതനായിരിക്കുന്ന ലാസറും തമ്മിൽ പരസ്പരം ബന്ധപ്പെടാനാകാത്ത വിധം വലിയ ഒരു 'ഗർത്തം' സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ദൈവരാജ്യത്തിൽ നിന്ന് നമ്മെ അകറ്റുന്ന 'വലിയ ഗർത്തങ്ങൾ' എന്തൊക്കെ? നിരാശ, ക്ഷമിക്കാൻ പറ്റാത്ത അവസ്ഥ, അഹങ്കാരചിന്തകൾ, സ്വാർത്ഥ മനോഭാവം, വിശ്വാസമില്ലായ്മ, സ്ഥാനമാനങ്ങൾ, യുക്തിയിലധിഷ്ഠിതമായ വിശ്വാസം... ഇവയിലേതെങ്കിലുമാണോ?

■ മനുഷ്യൻ അവഗണിക്കുന്നവരെ ദൈവം പരിഗണിക്കുന്നു. മുമ്പിൽ വരുന്നവനിൽ മുകളിലിരിക്കുന്നവന്റെ മുഖം ദർശിക്കാൻ കഴിയുമ്പോൾ ജീവിതത്തിൽ മാറ്റം തീർച്ചയായും സംഭവിക്കും.

■പടിപ്പുരവാതിലിൽ ചവിട്ടേറ്റു കഴിയുന്ന എത്രയോപേർ നമ്മുടെയൊക്കെ സമൂഹങ്ങളിൽ ഉണ്ട്. ആയുസ്സും ആരോഗ്യവും മക്കൾക്കുവേണ്ടി സമർപ്പിച്ച വൃദ്ധരായ മാതാപിതാക്കൾ, മദ്യപനായ ഭർത്താവിനെ സ്നേഹപൂർവം സഹിക്കുന്ന, വിധേയത്വത്തോടെ സ്വീകരിക്കുന്ന ഭാര്യ, പിടിവാശിയും നിർബന്ധബുദ്ധിയുമുള്ള ഭാര്യയെ സ്നേഹിക്കാൻമാത്രം ശീലിച്ചിട്ടുള്ള ഭർത്താവ്, മാതാപിതാക്കളുടെ സ്നേഹവും പരിലാളനയും മാത്രം കിട്ടാൻ കൊതിക്കുന്ന മക്കൾ, അയൽപക്കക്കാരന്റെ പരിഗണനയ്ക്കും , സഹകരണത്തിനും, വിട്ടുവീഴ്ചയ്ക്കും ആഗ്രഹിക്കുന്ന അയൽവാസികൾ.. നമ്മുടെ ശ്രദ്ധ ഇവരിലേയ്ക്ക് എന്നു തിരിയും!!.

'ദൈവം സഹായമായുള്ളവരാണ്' നാം എന്ന ബോദ്ധ്യത്തോടെ ജീവിതം മുന്നോട്ടുനയിക്കാം. സമ്പത്തോ പദവിയോ അല്ല ദൈവസന്നിധിയിൽ നമ്മെ സംപ്രീതരാക്കുന്നത്. അപരനോടുള്ള നമ്മുടെ സമീപനവും പെരുമാറ്റവുമാണ്.

**ഫാ. തോമസ് പഞ്ഞിക്കുന്നേൽ**